# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2150 | 13.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളിലെ ഹെൽപ്പർ, വർക്കർ നിയമനം** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ഐ.സി.ഡി.എസ്. ന് കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ഹെൽപ്പർ, വർക്കർ എന്നീ തസ്തികകളിലെ നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകളും രീതിയും എങ്ങനെയാണ്; | എ) ഓണറേറിയം ജീവനക്കാരായ അംഗൻവാടി ജീവനക്കാരുടെ നിയമനത്തിന് പ്രത്യേക ചട്ടങ്ങൾ നിലവിലില്ല. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും ബഹു. ഹൈക്കോടതിയും മറ്റ് കോടതികളും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായാണ് അംഗൻവാടി ജീവനക്കാരുടെ നിയമനങ്ങൾ നടത്തുന്നത്. നിലവിൽ സ.ഉ(സാധാ) നം. 254/2018/സാനീവ, തീയതി. 30/04/2018 ഉത്തരവിന് വിധേയമായിട്ടാണ് നിയമന നടപടികൾ സ്വീകരിക്കുന്നത്. (അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രൊമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്താണ്; | ബി) എസ്.എസ്.എൽ.സി പാസ്സായതും പത്ത് വർഷം അംഗൻവാടി ഹെൽപ്പർ തസ്തികയിൽ സേവനം അനുഷ്ഠിച്ചതുമായ അംഗൻവാടി ഹെൽപ്പർമാർക്ക്, 25% വർക്കർ തസ്തികയിൽ ഒരു പ്രോജക്ടിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉണ്ടാകുന്ന ഓരോ നാലാമത്തെ ഒഴിവിലേക്കും പ്രൊമോഷൻ നൽകുന്നുണ്ട്.<br>പത്ത് വർഷം അംഗൻവാടി വർക്കർ തസ്തികയിൽ സേവന പരിചയമുള്ള അംഗൻവാടി വർക്കർമാർക്കും പത്ത് വർഷം സേവന പരിചയവും ഡിഗ്രി വിദ്യാഭ്യാസ |

| | |
|---|---|
| | യോഗ്യതയുമുള്ള അംഗൻവാടി വർക്കർമാർക്കും സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്. സി വഴി നിയമനം നൽകുന്നുണ്ട്. |
| (സി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ട്രാൻസ്ഫറിന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ലഭ്യമാക്കാമോ? | (സി) ഉണ്ട്. സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടറുടെ 05/01/2004 ലെ ഐ സി ഡി എസ്/എ 5/29140/03 നമ്പർ പരിപത്രം പ്രകാരം. അംഗൻവാടി വർക്കർ/ഹെൽപ്പർ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

9101
318/18

കേരള സർക്കാർ

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- സംയോജിത ശിശു വികസന പദ്ധതി - അംഗൻവാടി വർക്കർ തസ്തികയിലേയ്ക്കുള്ള ഹെൽപ്പർമാരുടെ 25% സ്ഥാനകയറ്റം സംബന്ധിച്ചും അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ടു നൽകുന്നവർക്കും അവരുടെ ആശ്രിതർക്കുമുള്ള നിയമനം സംബന്ധിച്ചുള്ള ഉത്തരവുകളിലെ അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.254/2018/സാനീവ തീയതി, തിരുവനന്തപുരം30.04.2018**

---

പരാമർശം: (1) കേന്ദ്ര വനിതാ-ശിശു വികസന വകുപ്പ് മന്ത്രാലയത്തിന്റെ 06.10.2006 ലെ എഫ്.നമ്പർ.1-9/2006-CD-I നമ്പർകത്ത്

(2) സ.ഉ(എം.എസ്) നം.02/2007/സാക്ഷേവ,തീയതി 06/01/2007

(3) സ.ഉ(എം.എസ്) നം.83/2010/സാക്ഷേവ,തീയതി 26/11/2010

(4) സ.ഉ(എം.എസ്) നം.05/2012/സാക്ഷേവ,തീയതി 30/01/2012

(5) സ.ഉ(എം.എസ്) നം.74/2012/സാക്ഷേവ,തീയതി 22/12/2012

(6) സാമൂഹ്യനീതി ഡയറക്ടറുടെ സർക്കുലർ നം.ICDS.B4-4371/2016, തീയതി14.11.2016

(7)വനിതാ ശിശു വികസന ഡയറക്ടറുടെ 28.02.2018 ലെ ഐ.സി.ഡി.എസ് ബി4-4810/2018 നമ്പർ കത്ത്.

(8)06.03.2018 ൽ അംഗൻവാടി ജീവനക്കാരുടെ വിവിധ സംഘടനകളുമായി ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ നടപടികുറിപ്പ്

(9)വനിതാ ശിശു വികസന ഡയറക്ടറുടെ 26.04.2018 ലെ ഐ.സി.ഡി.എസ് ബി4-5058/2018 നമ്പർ കത്ത്.

**ഉത്തരവ്**

അംഗൻവാടി വർക്കർ തസ്തികയുടെ 25% നിശ്ചിതയോഗ്യതയുള്ള ഹെൽപ്പർമാർക്കായി നീക്കിവെയ്ക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിലും പരാമർശം (5) പ്രകാരമുള്ള ഉത്തരവിലും നിഷ്കർഷിച്ചിരുന്നു. അംഗൻവാടി വർക്കർ തസ്തികയുടെ 25% നിശ്ചിത യോഗ്യതയുള്ള ഹെൽപ്പർമാർക്ക് നീക്കിവെയ്ക്കുന്നതുമൂലം വർഷങ്ങളായി സെലക്ഷൻ/ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് താല്ക്കാലിക അംഗൻവാടി വർക്കർമാർക്ക് സ്ഥിരനിയമനം ലഭിക്കുവാനുള്ള സാധ്യത വിരളമാണെന്ന ആക്ഷേപം നിലനിൽക്കുന്നുവെന്നു മാത്രവുമല്ല. താരതമ്യേന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള സെലക്ഷൻ/ സീനിയോരിറ്റി ലിസ്റ്റിൽപ്പെട്ടവർക്ക് സ്ഥിരനിയമനം ലഭിക്കാതിരിക്കുകയും പത്താംതരം തുല്യതമാത്രം യോഗ്യത നേടിയവർ വർക്കറായി നിയമനം ലഭിക്കുകയും ചെയ്യുമ്പോൾ അംഗൻവാടി പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തിനെ സാരമായി ബാധിക്കുവാൻ സാധ്യതയുണ്ടെന്നും പരാമർശം (9) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അംഗൻവാടി

കെട്ടിടനിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ അംഗൻവാടിയിൽ നിയമനം നൽകുന്നത് മുൻഗണനാക്രമത്തിൽ പത്താം സ്ഥാനമാണ്. സ്വന്തം സ്ഥലം ലഭിക്കാതെ പല അംഗൻവാടികളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നത് അത്യന്തം പ്രയോജനകരമായ കാര്യമായതിനാൽ ടി വിഭാഗക്കാർക്ക് നിയമനം ലഭിക്കുന്നതിന് അർഹമായ പ്രാധാന്യം ഉറപ്പു വരുത്തേണ്ടതുണ്ടെന്നും അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച് മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ മേൽ പരാമർശിക്കും പ്രകാരം ഭേദഗതി നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളുവെന്നും 29.08.2016 ൽ ബഹു.കേരള ഹൈക്കോടതി WP(C)No.5164/2012 ലും സമാന കേസുകളിലുമായി പുറപ്പെടുവിച്ച് വിധിന്യായം പാലിച്ചു കൊണ്ട് പരാമർശം (6) പ്രകാരം, സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ 24.11.2015 വരെ മാത്രമെ പ്രസക്തിയുള്ളു എന്നതിനാൽ പുതുക്കിയ മുൻഗണനാക്രമം നിശ്ചയിക്കണമെന്നും പരാമർശം (9) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള സർക്കുലറിന് 24.11.2015 വരെ മാത്രമേ പ്രസക്തിയുള്ളു എന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് മുൻഗണനാക്രമം ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

1 അംഗൻവാടി ജീവനക്കാരിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനം

2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മൽസരിക്കാനായി അംഗൻവാടിയിൽ നിന്നും രാജിവെച്ചവർക്ക്

3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായിരിക്കെ അംഗൻവാടിയിൽ നിയമന ഉത്തരവ് ലഭിച്ചവർക്ക്

4 പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ പരിധിയ്ക്കകത്തുള്ള സ്ഥലംമാറ്റം (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം)

5 സീനിയോരിറ്റി ലിസ്റ്റിൽ നിന്നുള്ള നിയമനം

6 സെലക്ഷൻ ലിസ്റ്റിൽ നിന്നുള്ള നിയമനം

7 പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിൽ നിന്നുള്ള സ്ഥലംമാറ്റം

8 മറ്റ് പ്രോജക്ടുകളിൽ നിന്നുള്ള സ്ഥലംമാറ്റം

(3) പരാമർശം (9) ൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിലെ (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട്തലം)

അങ്കണവാടി തസ്തികയുടെ 25%. ¼ എന്ന കണക്കിൽ ഓരോ നാലാമത്തെ ഒഴിവും 10 വർഷം സ്ഥിര സേവനവും എസ്.എസ്.എൽ.സി/ പത്താംതരം യോഗ്യതയും നേടിയിട്ടുള്ള ഹെൽപ്പർമാർക്ക് സ്ഥാനക്കയറ്റം നൽകി ആകെ തസ്തികയുടെ 25% ഹെൽപ്പർമാരിൽ നിന്നുള്ള സ്ഥാനക്കയറ്റം തികയുന്നത് വരെ നീക്കിവെച്ച് കൊണ്ടും, പരാമർശം (4) ഉത്തരവിലെ ഖണ്ഡിക 6(20) -ൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 1(ii) ഭേദഗതി വരുത്തിയും, പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 2(II) ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു. മേൽഭേദഗതികളുടെ പരാമർശം (3), (5) സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്. ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിലെ അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടെയും ആകെ ഒഴിവിന്റെ 10% അംഗൻവാടിയ്ക്ക് ഭൂമി വിട്ട് നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ മാറ്റി വയ്ക്കേണ്ടതും പ്രോജക്ടിലെ വർക്കറുടെ/ഹെൽപ്പറുടെ ഒഴിവുകളുടെ ഓരോ പത്താമത്തെ ഒഴിവും (അപേക്ഷകർ ഉള്ള പക്ഷം) ടി വിഭാഗത്തിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്.

(4) അംഗൻവാടി ഹെൽപ്പർമാരിൽ നിന്നും വർക്കറായി സ്ഥാനക്കയറ്റം നൽകുന്നതും. (പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിലെ ഒഴിവിന്റെ 25% എന്ന തോതിൽ ഓരോ നാലാമത്തെ ഒഴിവും) അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ഭൂമി സൗജന്യമായി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ നിയമനം നൽകുന്നതും. (പ്രോജക്ട് തലത്തിലുള്ള ഒഴിവുകളുടെ 10% എന്ന കണക്കിൽ ഓരോ പത്താമത്തെ ഒഴിവും) ടി മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കി പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

50

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം II

ഐ.സി.ഡി.എസ്/എ5/29140/03

സാമൂഹ്യക്ഷേമ ഡയറക്ടറാഫീസ്,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 5/1/2004

## പരിപത്രം

വിഷയം : - സാമൂഹ്യക്ഷേമം - അംഗൻവാടി വർക്കർ/ഹെൽപ്പർ സ്ഥലം മാറ്റം അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ

സൂചന : - 1. 3.12.1991 - ലെ 203/ബി1/02/സാമൂഹ്യക്ഷേമവകുപ്പ് സർക്കാർ സർക്കുലർ

2. 1.3.2002 ലെ 203/ബി1/02/സാമൂഹ്യക്ഷേമവകുപ്പ് സർക്കാർ സർക്കുലർ

3. ഈ ഓഫീസിലെ 28.9.2003 ലെ മേൽ നമ്പർ കത്ത്.

4. 14.11.2003-ലെ-11412/ബി1/03/സാമൂഹ്യക്ഷേമവകുപ്പ് സർക്കാർ കത്ത്.

ഐ.സി.ഡി.എസ്. പദ്ധതികളിൽ സേവനമനുഷ്ഠിക്കുന്ന അംഗൻവാടി വർക്കർ/ ഹെൽപ്പർ എന്നിവരുടെ സുവ്യക്തവും എഴുത്താലുള്ളതുമായ അഭ്യർത്ഥനയിന്മേൽ സ്ഥലം മാറ്റം അനുവദിക്കുന്ന തിന് പ്രോജക്ട്തലത്തിൽ സി.ഡി.പി.ഒ മാർക്കും ജില്ലാതലത്തിൽ ജില്ലാ സാമൂഹ്യക്ഷേമഓഫീസർമാർക്കും മേഖലയ്ക്കുള്ളിൽ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർക്കും മേഖലയ്ക്ക് പുറത്തു ഐ.സി.ഡി.എ സ്സിന്റെ ചുമതലയുള്ള ജോയിന്റ് ഡയറക്ടർക്കും സൂചന 1,2-ലെ സർക്കാർ ഉത്തരവുപ്രകാരം അധി കാരം നൽകിയിരുന്നു. എന്നാൽ സ്ഥലം മാറ്റം സംബന്ധിച്ച് അംഗൻവാടി വർക്കർ ഹെൽപ്പർമാരിൽനിന്നും ധാരാളം അപേക്ഷകൾ ഡയറക്ടറാഫീസിൽ ലഭിക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാർ ഓണറേറിയം വ്യവസ്ഥയിലാണ് പ്രവർത്തിയെടുക്കുന്നത്. ഇവരുടെ സ്ഥലം മാറ്റം മറ്റു ദൈനംദിന പ്രശ്നങ്ങൾ എന്നിവ ഈ ഓഫീസിൽ കൈകാര്യം ചെയ്യേണ്ട ആവശ്യമില്ലായെന്നു കണ്ടതിനാൽ അതാതു മേഖലയ്ക്കു പുറ ത്തേക്കു സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള അധികാരം ജോയിന്റ് ഡയറക്ടർ (ഐ.സി.ഡി.എസ്) ന് പകരം ബന്ധപ്പെട്ട ആർ.എ.ഡി. മാർക്ക് നൽകണമെന്ന് സൂചന 3 പ്രകാരം ഈ ഓഫീസിൽനിന്നും സർക്കാരിനോടു അഭ്യർത്ഥിച്ചിരുന്നു. അതിൻപ്രകാരം ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കു ന്നതിന് സൂചന 4 പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ഐ.സി.ഡി.എസ് പദ്ധതികളിൽ സേവനം അനുഷ്ടിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവരുടെ അപേക്ഷയിൻമേൽ സ്ഥലം മാറ്റം അനുവ ദിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രോജക്ടിനുള്ളിലെ സ്ഥലം മാറ്റം വർക്കർ/ ഹെൽപ്പർമാരുടെ സുവ്യക്തവും എഴുത്താ ലുള്ളതുമായ അഭ്യർത്ഥനയിൽ മേൽ പ്രോജക്ടിനുള്ളിൽ ഒരു അംഗൻവാടിയിൽനിന്നും മറ്റൊന്നിലേക്ക് പരസ്പരം സ്ഥലം മാറ്റം സി.ഡി.പി.ഒ യ്ക്ക് അനുവദിക്കാവുന്നതാണ്.

2. ജില്ലയ്ക്കുള്ളിലെ സ്ഥലം മാറ്റം വർക്കർ/ഹെൽപ്പർമാരുടെ സുവ്യക്തവും എഴുത്താലു ള്ളതുമായ അഭ്യർത്ഥനയിൻമേൽ ഒരു ജില്ലയ്ക്കുള്ളിൽ ഒരു പ്രോജക്ടിൽനിന്നും മറ്റൊരു പ്രോജക്ടിലേക്ക് വന്ന മാറ്റം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് അനുവദിക്കാ വുന്നതാണ്.

മേഖലയ്ക്കുള്ളിലെ സ്ഥലം മാറ്റം വർക്കർ/ഹെൽപ്പർമാരുടെ സുവ്യക്തവും എഴുത്താ ലുള്ളതുമായ അഭ്യർത്ഥനയിൻമേൽ ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേക്ക് മേഖ ലയ്ക്കുള്ളിൽ സ്ഥലം മാറ്റം മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്ക് അനുവദിക്കാ വുന്നതാണ്.

4. മേഖലയ്ക്കു പുറത്തുള്ള സ്ഥലം മാറ്റം വർക്കർ/ ഹെൽപ്പർമാരുടെ സുവ്യക്തവും ത്താലുള്ളതുമായ അഭ്യർത്ഥനയിൻമേൽ സ്ഥലം മാറ്റം നൽകുന്നതിന് മേഖലാ സ്റ്റന്റ് ഡയറക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതും, പ്രസ്തുത മേഖലാ അസിസ്റ്റന്റ് റക്ടർ സ്ഥലം മാറ്റം ആവശ്യപ്പെടുന്ന ഐ.സി.ഡി.എസ് പ്രോജക്ടിൽനിന്നും മേഖലാ ഡയറക്ടർ മുഖേന ആവശ്യമായ വിവരം ശേഖരിച്ച് നിയമാനുസൃതം മാറ്റം നൽകാവുന്നതാണ്. ഇങ്ങനെ സ്ഥലം മാറ്റം നൽകുമ്പോൾ പ്രസ്തുത വിന്റെ പകർപ്പ് ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർക്കും നൽകേണ്ടതാണ്.

(.........................) ഈ പരിപത്രം കൈപ്പറ്റിയ വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യക്ഷേമ ഓഫീസർ

1. എല്ലാ ആർ.എ.ഡി. മാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. എല്ലാ സി.ഡി.പി.ഒ. മാർക്കും
5. ഡയറക്ടറുടെ സി.എ.
6. ഡയറക്ടറുടെ എല്ലാ സെക്ഷനുകൾക്കും
7. അഡീഷണൽ ഡയറക്ടറുടെ സി.എ.
8. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. എല്ലാ എ.ഡി.മാർക്കും, പി.ഒ മാർക്കും
10. ഫിനാൻസ് ഓഫീസർ.
11. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
12. എസ്.പി.എം.യു.